**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**1-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1424

12.07.2011 ൽ ബഹുമാനപ്പെട്ട
ധനകാര്യവും നിയമവും, ഭവന
നിർമ്മാണവും വകുപ്പ് മന്ത്രി
മറുപടി നൽകേണ്ടത്

| ദേശീയ സമ്പാദ്യ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച് | | |
|---|---|---|
| **ചോദ്യം**<br>**ശ്രീ.എം.വി.ശ്രേയാംസ്സ് കുമാർ** | | **ഉത്തരം**<br>**ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം വ്യക്തമാക്കുമോ; | ഉണ്ട്. 2003 മാർച്ച് 31 നു ശേഷം ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്ക് പലിശ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. അതേ സമയം ദേശസാത്കൃത ബാങ്കുകളിലും മറ്റും കാലാകാലങ്ങളിൽ പലിശ നിരക്കിൽ വർദ്ധനവ് വരുത്തുന്നത് മൂലം ദേശീയ സമ്പാദ്യ പദ്ധതിയി ലേക്ക് നിക്ഷേപകരെ ആകർഷിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതിയിലെ പലിശ നിരക്കിൽ കാലാനുസൃതമായി മാറ്റം വരുത്താത്തത് നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് പ്രേരകമായി. |
| (ബി) | നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പ ലഭിക്കുന്ന കാര്യത്തിൽ നഷ്ടം ഉണ്ടാക്കുന്നുണ്ടോ; | ഉണ്ട്. |

| | | |
|---|---|---|
| (സി) | പദ്ധതിയിലുള്ള നിക്ഷേപങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഉണ്ട്. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ പലിശ നിരക്ക് പരിഷ്ക്കരിക്കുന്നതിന് ചുമതലപ്പെടുത്തിയ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാരിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ